പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 45

10.12.2012 ൽ
മറുപടിയ്ക്ക്

## ചാല ടാങ്കർ ദുരന്തം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | കണ്ണൂരിലെ ചാലയിൽ ഉണ്ടായ ടാങ്കർ ലോറി ദുരന്തത്തിൽ എത്ര പേരാണ് മരണപ്പെട്ടതെന്നും എത്രപേർ ചികിത്സയിലാണെന്നും അറിയിക്കാമോ ; | (എ) | ചാല ടാങ്കർ ദുരന്തത്തിൽ 20 പേർ മരണപ്പെടുകയും 21 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ദുരന്തത്തിനിരയായവർക്ക് നൽകിയ ദുരിതാശ്വാസത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | ദുരന്തബാധിതർക്ക് സർക്കാർ അനുവദിച്ച ദുരിതാശ്വാസത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>(i) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് - 2,00,00,000/-<br>(ii) പൊള്ളലേറ്റവർക്ക് ധനസഹായം - 49,00,000/-<br>(iii) ആശുപത്രി ചെലവ് - 25,15,701/-<br>(iv) അടിയന്തിര ധനസഹായം - 3,70,000/-<br>(v) കൃഷിനാശം സംഭവിച്ചവർക്ക് - 37,99,850/-<br>(vi) ഭവനേതര സ്ഥാപനങ്ങൾക്ക് നഷ്ടം സംഭവിച്ചവർക്ക് - 68,30,000/-<br>ആകെ - 3,84,15,551/- |
| (സി) | ദുരന്തത്തിനു ശേഷവും ടാങ്കർ ലോറി നീക്കവുമായി ബന്ധപ്പെട്ട കൂടുതൽ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;<br>ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;<br>ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ? | (സി) | ചാല ടാങ്കർ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, ജില്ലയുടെ അതിർത്തിയിൽ വച്ച് ടാങ്കർ ലോറികളിൽ പോലീസ്, മോട്ടോർ വാഹന വകുപ്പ് ഉദ്യാഗസ്ഥരുടെ പ്രത്യേകടീം രൂപീകരിച്ച് പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാത്ത ടാങ്കർ ലോറികൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ